**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST, ENVIRONMENT AND TOURISM)**

**'വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 മാർച്ച് 12-ാം തീയതി സമർപ്പിച്ചത്
(Presented on 12th March, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

**'വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

218/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(2013–2016)

**ഘടന**

ചെയർമാൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അജിത്

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി. സത്യൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 പ്രകാരം 'വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പ്രകൃതി മനുഷ്യന് നൽകിയ ഒരു വരദാനമാണ് വനങ്ങൾ. ആവാസ വ്യവസ്ഥ യുടെ അടിസ്ഥാനങ്ങളായ വനങ്ങൾ മാനവരാശിയുടെ നിലനിൽപ്പിന് പ്രധാന പങ്ക് വഹിക്കുന്നു. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്തുന്നതിന് വനങ്ങൾ അത്യന്താപേക്ഷിതമാണ്. പ്രകൃതിയുടെ തണലായ വനങ്ങൾ ലോകഭൂവിസ്തൃതിയിൽ നിർണ്ണായകവുമാണ്. വനത്തിലുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ തങ്ങളുടെ ജീവൻ, വളർത്തുമൃഗങ്ങൾ, കൃഷിഭൂമികൾ എന്നിവയ്ക്കുനേരെ വന്യമൃഗങ്ങളിൽനിന്നും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങൾ നിമിത്തം അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ വിവരണാതീതമാണ്.

3. ഈ വിഷയത്തിന്റെ ഗൗരവസ്വഭാവം ഉൾക്കൊണ്ട് ഇതു സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം, 23-9-2014-ന് വനം-വന്യജീവി വകുപ്പിലെ ഉദ്യോഗസ്ഥരുമായി സമിതി വിശദമായ ചർച്ച നടത്തുക യുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതിക്ക് ലഭിച്ച വിവരങ്ങളും അതിന്മേലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ 24-2-2015-ൽ ചേർന്ന യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2015 ഫെബ്രുവരി 24.

# റിപ്പോർട്ട്

പ്രകൃതി മനുഷ്യന് നൽകിയ ഒരു വരദാനമാണ് വനം. ഒരു പ്രദേശത്തിന്റെ പരിസ്ഥിതി-കാലാവസ്ഥാ ഘടകങ്ങളുടെ സന്തുലനം, ജലലഭ്യത എന്നീ സുപ്രധാന ഘടകങ്ങൾ നിയന്ത്രിക്കുന്നത് വനങ്ങളാണ്. പ്രകൃതി കനിഞ്ഞു നൽകിയ അതീവ പാരിസ്ഥിതിക പ്രാധാന്യമടങ്ങുന്നതും ജൈവ സമ്പുഷ്ടവുമായ ഒരു വനസമ്പത്താണ് കേരള സംസ്ഥാനത്തിന് ലഭ്യമായിരിക്കുന്നത്. നിബിഡവനങ്ങളും ലോല വനങ്ങളും ഉൾപ്പെടെ കേരളത്തിന്റെ വനവിസ്തൃതി 11309.47 ച. കിലോമീറ്റർ എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഭൂവിസ്തൃതിയുടെ 29 ശതമാനം വനങ്ങളായ നമ്മുടെ സംസ്ഥാനത്ത് വനവിസ്തൃതി കൂടിയ ജില്ല ഇടുക്കിയും വനരഹിത ജില്ല ആലപ്പുഴയുമാണ്. അറുപത്തിയഞ്ചുലക്ഷം തൊഴിൽദിനങ്ങൾ വനസംരക്ഷണ-വികസന-പരിപാലന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നുണ്ട് എന്നത് നമുക്ക് ഊർജ്ജം പകരുന്ന ഒരു വസ്തുതയാണ്. അതിൽത്തന്നെ മൂന്ന് ലക്ഷത്തോളം പരമ്പരാഗത ഈറ്റത്തൊഴിലാളികൾ വനത്തിൽനിന്ന് ലഭിക്കുന്ന ഈറ്റ ഉപയോഗിച്ച് തൊഴിലവസരം കണ്ടെത്തി ഉപജീവനം നടത്തുന്നുണ്ട്. പ്രകൃതിയുടെ മാത്രം വരമായും അനുഗ്രഹമായും വനങ്ങൾ കണക്കാക്കപ്പെടുമ്പോഴും വനത്തിലും വനാതിർത്തിയിലും താമസിക്കുന്ന ജനങ്ങൾ അനുഭവിച്ചുവരുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നിരവധിയാണ്. വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരിൽ ഏറിയ പങ്കും ആദിവാസികളാണ്. കേരളത്തിന്റെ വനപ്രദേശങ്ങളിൽ 725-ഓളം ആദിവാസി സെറ്റിൽമെന്റുകളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആദിവാസികളല്ലാത്തവരായ ജനവിഭാഗങ്ങളും സംസ്ഥാനത്തിന്റെ വനാതിർത്തിയുടെ വിവിധ ഭാഗങ്ങളിലായി താമസിക്കുന്നുണ്ട്. ഈ സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മറ്റ് പ്രദേശത്തെ ജനങ്ങൾ നിത്യജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽനിന്ന് തികച്ചും വിഭിന്നമാണ്. വനാതിർത്തിയിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവൻ, അവർ വളർത്തുന്ന കന്നുകാലികൾ, സംരക്ഷിക്കുന്ന കൃഷിഭൂമികൾ എന്നിവയ്ക്കുനേരേ വന്യമൃഗങ്ങളിൽ നിന്നുണ്ടാകുന്ന ഭീഷണി നിമിത്തം ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ നേരിടേണ്ടിവരുന്ന ദുരിതങ്ങൾ വർണ്ണനാതീതമാണ്. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് സമിതി നടത്തിയ പഠനത്തിന്റേയും വനം-വന്യജീവി വകുപ്പ് ഉദ്യോഗസ്ഥന്മാരുമായി നടത്തിയ ചർച്ചയുടേയും അടിസ്ഥാനത്തിൽ സമിതിക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങളും അവ സംബന്ധിച്ച സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2. വനം-വന്യജീവി വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ലഭ്യമാക്കിയ കണക്കുപ്രകാരം വന്യജീവി ആക്രമണം ഉൾപ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷത്തിൽ ജീവഹാനി സംഭവിച്ചവരുടെ എണ്ണം ചുവടെ ചേർക്കുംപ്രകാരമാണ്:

| *വർഷം* | *2009-10* | *2010-11* | *2011-12* | *2012-13* | *2013-14* |
|---|---|---|---|---|---|
| ജീവഹാനി സംഭവിച്ചവരുടെ എണ്ണം | 12 | 24 | 18 | 14 | 20 |

3. സാധാരണക്കാരായ ജനങ്ങളുടെ സ്വൈരജീവിതത്തിന് വെല്ലുവിളി ഉയർത്തുന്ന തരത്തിലുള്ള ഇത്തരം ബുദ്ധിമുട്ടുകൾക്ക് പരിഹാരം എന്ന നിലയിൽ സർക്കാർതലത്തിൽ നിരവധി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം നടത്തിവരുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. വന്യജീവി ആക്രമണം തടയുന്നതിനായി പ്രതിരോധ കിടങ്ങുകൾ കുഴിക്കുക, സൗരോർജ്ജ വൈദ്യുത കമ്പിവേലികൾ നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു. വന്യജീവികളിൽനിന്നും നിരന്തരം നേരിട്ടുവരുന്ന ഭീഷണിക്ക് സ്ഥായിയായ പരിഹാരം എന്ന നിലയിൽ വനപ്രദേശങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കണമെന്ന ആവശ്യം ശക്തമാണെങ്കിലും ഇതിനായി വേണ്ടിവരുന്ന നിർമ്മാണ ചെലവ് ഏറെ ഭാരിച്ചതാവുമെന്നതിനാൽ സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കഴിയുമെന്ന് സമിതി കരുതുന്നില്ല.

4. അതേസമയം വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിന് കഴിഞ്ഞകാലങ്ങളിൽ സംസ്ഥാനത്ത് മൊത്തമായി താഴെപ്പറയുംപ്രകാരം പ്രതിരോധ നടപടികൾ നടപ്പിലാക്കിയിട്ടുള്ളതായി വനം-വന്യജീവി വകുപ്പ് സമിതി മുമ്പാകെ വെളിപ്പെടുത്തുക യുണ്ടായി.

| ഇനം | പൂർത്തീകരിച്ചത് |
|---|---|
| (i) വൈദ്യുത കമ്പിവേലി | 707 കിലോമീറ്റർ |
| (ii) ആനപ്രതിരോധ കിടങ്ങ് | 494 കിലോമീറ്റർ |
| (iii) ആനപ്രതിരോധ ഭിത്തി | 24 കിലോമീറ്റർ |
| (iv) ചെയിൻലിങ്ക് ഫെൻസ് | 0.45 കിലോമീറ്റർ |
| (v) കയ്യാല | 4 കിലോമീറ്റർ |
| (vi) ജൈവ വേലി (അഗേവ്) | 4 കിലോമീറ്റർ |

5. കൂടാതെ, വയനാട്, നിലമ്പൂർ, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ തുടങ്ങിയ 8 സ്ഥലങ്ങളിൽ പുതുതായി റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച്, മൃഗങ്ങൾ കാട്ടിനു വെളിയിലെത്തിയെന്നത് അറിയുന്ന സമയത്ത് വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി, പൊതുജനങ്ങളുടെ സഹായത്തോടെ വനം വകുപ്പ് ജീവനക്കാരും വാച്ചർമാരും സംയുക്തമായി ചേർന്ന് മൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയയ്ക്കാനുള്ള നടപടികൾ എടുത്തുവരുന്നതായും സമിതിയെ ധരിപ്പിക്കുകയുണ്ടായി.

6. വന്യജീവികളുടെ ആക്രമണം നിമിത്തം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുന്നതിന്റെ പേരിൽ താഴെപ്പറയുന്ന നിരക്കിലുള്ള നഷ്ടപരിഹാരം വനം-വന്യജീവി വകുപ്പ് മുഖാന്തിരം നൽകിവരുന്നതായും സമിതി മനസ്സിലാക്കുകയുണ്ടായി:

| | ഇനം | അനുവദിക്കുന്ന തുക |
|---|---|---|
| (i) | പരിക്കേൽക്കുന്നവർക്കുള്ള ചികിത്സാ ചെലവ് | 75,000 രൂപവരെ (പരമാവധി) |
| (ii) | പരിക്കേൽക്കുന്ന ആദിവാസി വിഭാഗങ്ങൾക്കുള്ള ചെലവ് | ചികിത്സാ ചെലവ് പൂർണ്ണമായും തിരികെ നൽകൽ |
| (iii) | സ്ഥായിയായ അംഗവൈകല്യം | 75,000 രൂപവരെ |
| (iv) | കൃഷിനാശം/വീട് നഷ്ടം/ കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപവരെ ഓരോ കേസിനും) |
| (v) | ജീവഹാനി | 3 ലക്ഷം രൂപ |
| (vi) | വനത്തിനു പുറത്ത് പാമ്പുകടിയേറ്റ് ജീവഹാനി | 1 ലക്ഷം രൂപ |

7. സംസ്ഥാന വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ കണക്കുപ്രകാരം വിവിധ ഇനങ്ങളിൽപ്പെട്ട നഷ്ടപരിഹാരങ്ങൾക്കായി കഴിഞ്ഞ 5 വർഷം സംസ്ഥാനത്ത് വിതരണം നടത്തിയ തുക താഴെപ്പറയുന്നപ്രകാരമാണ്:

| *ക്രമ നമ്പർ* | *വർഷം* | *ലഭിച്ച അപേക്ഷകളുടെ എണ്ണം* | *നൽകിയ തുക (രൂപ ലക്ഷത്തിൽ)* |
|---|---|---|---|
| 1 | 2009-10 | 2846 | 119.27 |
| 2 | 2010-11 | 3447 | 200.96 |
| 3 | 2011-12 | 6426 | 454.42 |
| 4 | 2012-13 | 6355 | 460.74 |
| 5 | 2013-14 | 7416 | 659.05 |

2013-14 വർഷത്തിൽ മൊത്തം വിതരണം നടത്തിയ തുകയിൽ ഉദ്ദേശം 1.75 കോടി രൂപ വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്കാണ് നൽകിയിരിക്കുന്നതെന്ന കാര്യം പ്രത്യേകമായി സമിതി മുമ്പാകെ അറിയിക്കുകയുണ്ടായി.

8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 259 കോടി രൂപ ചെലവാക്കി മതിലുകൾ, കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകുകയും അതിന്മേൽ ലഭ്യമായ തുക ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരുന്നതായും സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം വനത്തിനുള്ളിൽ താമസിക്കുന്നവരെ അവരുടെ സമ്മതത്തോടെ വനത്തിന്റെ അതിർത്തിപ്രദേശങ്ങളിലേക്ക് മാറ്റിതാമസിപ്പിക്കുക, വന്യജീവി ആക്രമണം ലഘൂകരിക്കാൻ അവയുടെ വാസസ്ഥലങ്ങൾ പരമാവധി സമ്മർദ്ദവിമുക്തമാക്കുക, വന്യജീവികളുടെ പരമ്പരാഗത സഞ്ചാരപാത പുനഃസ്ഥാപിക്കുന്നതിനും ചിതറിക്കിടക്കുന്ന വന്യജീവി സങ്കേതങ്ങളുടെ പുനരുദ്ധാരണത്തിനും ഉള്ള അടിയന്തര നടപടി സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ കൂടി നടപ്പാക്കുകയാണെങ്കിൽ അത് വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിന് ഒരു പരിധിവരെ സഹായകമാകുമെന്ന് സമിതി കരുതുന്നു.

9. വനപ്രദേശങ്ങളിലുള്ള സ്വാഭാവികമായ ആവാസ സ്ഥലങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിച്ച് പരിപാലിക്കുകയും, വന്യമൃഗങ്ങൾക്ക് ആവശ്യമായ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തി, അവ സംരക്ഷിക്കുകയും ചെയ്തുകൊണ്ട് വന്യമൃഗങ്ങൾ വനത്തിനു വെളിയിൽ പോകുന്നത് തടയുകയും, വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലായ സ്ഥലങ്ങളിൽ തീവ്ര പ്രതികരണ യൂണിറ്റുകളുടെ ഇടപെടൽ ശക്തമാക്കുകയും ചെയ്യുകയാണെങ്കിൽ, വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങളുടെ പ്രയാസങ്ങൾ ഒരു പരിധിവരെ ലഘൂകരിക്കുവാൻ കഴിയുമെന്നാണ് സമിതി മനസ്സിലാക്കുന്നത്.

10. മറ്റു പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളിൽനിന്ന് വ്യത്യസ്തമായി വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ നിരവധിയാണ്. വനനിയമങ്ങൾമൂലം വികസന പ്രവർത്തനങ്ങൾക്കും അത്യാവശ്യനിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ, ഭൂമി കൈമാറ്റം നടത്തുമ്പോൾ രജിസ്ട്രേഷൻ വകുപ്പ് എൻ.ഒ.സി. ആവശ്യപ്പെടുന്നതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ, വനാതിർത്തിയോടു ചേർന്നു കിടക്കുന്ന ചില വില്ലേജുകളിൽ സ്വകാര്യഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ എന്നിവ ഇത്തരത്തിൽപ്പെട്ട വൈഷമ്യങ്ങളുടെ പട്ടികയിൽപ്പെടുന്നവയാണ്.

11. ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിനായുള്ള അടിസ്ഥാനഘടകങ്ങളിൽ കുടിവെള്ളം, വൈദ്യുതി, ഗതാഗതസൗകര്യം എന്നിവയുടെ ലഭ്യത പ്രാധാന്യമർഹിക്കുന്നവയാണ്. എന്നാൽ, വനപ്രദേശങ്ങളിൽ ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെല്ലാം കോടതി നിയന്ത്രണങ്ങൾക്കും വനസംരക്ഷണ നിയമങ്ങൾക്കും അനുസൃതമായി മാത്രമേ നടപ്പാക്കാനാവുകയുള്ളൂ എന്ന നിബന്ധന അത്തരം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ, സമീപകാലത്ത് വനാവകാശ നിയമപ്രകാരം പിന്നോക്കവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി നിബന്ധനകളിൽ ഇളവുവരുത്തി, ഡിവിഷൻ തലത്തിൽതന്നെ അനുമതി നൽകി വരുന്നതുമൂലം ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞു എന്നത് സ്വാഗതാർഹമായ ഒരു കാര്യമായി സമിതി വിലയിരുത്തുന്നു.

## സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും

12. വനാതിർത്തികളിലും വനപ്രദേശങ്ങളുടെ സമീപത്തും താമസിക്കുന്ന ജനങ്ങൾക്കും അവരുടെ കൃഷിക്കും ഉപദ്രവവും നാശനഷ്ടവും ഉണ്ടാക്കുന്ന ഉപദ്രവകാരികളായ മൃഗങ്ങളുടെ പട്ടികയിൽ കാട്ടുപന്നി, കരടി, കുരങ്ങ്, മാൻ, മ്ലാവ് എന്നിവ കൂടി ഉൾപ്പെടുത്തണമെന്നും അവയിൽ നിന്നുള്ള ആക്രമണങ്ങളും അവ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും നഷ്ടപരിഹാരം അനുവദിക്കുന്ന കാര്യത്തിൽ പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. വന്യമൃഗങ്ങളുടെ ആക്രമണം പൊതുജനങ്ങൾക്ക് വളരെയധികം നഷ്ടങ്ങൾ ഉണ്ടാക്കുന്നുവെന്ന കാര്യത്തിലും ഇതിനെതിരെ പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തേണ്ടതാണെന്നകാര്യത്തിലും ആർക്കെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്ന് സമിതി കരുതുന്നില്ല. അതുപോലെ വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായി വർഷാവർഷം നിരവധി ആളുകൾ കൊല്ലപ്പെടുന്ന സാഹചര്യത്തിൽ വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനായി കിടങ്ങുകൾ കുഴിക്കുക, സംരക്ഷണഭിത്തി കെട്ടുക, വൈദ്യുതി കമ്പിവേലി, കയ്യാല, ജൈവവേലി എന്നിവ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ വനം-വന്യജീവി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ് എന്ന് സമിതി വിലയിരുത്തുന്നു. അതോടൊപ്പം, ഈ ഇനത്തിൽ ആവർത്തിച്ചുവരുന്ന ഭാരിച്ച ചെലവുകൾ വഹിക്കുന്നതിലേക്ക് പര്യാപ്തമായ ബഡ്ജറ്റ് വിഹിതം ഉണ്ടാകുന്നില്ലെന്നും അനുവദിച്ച തുക തന്നെ ലഭിക്കുന്നില്ല എന്നുമുള്ള വസ്തുത ഖേദകരവും ഒഴിവാക്കപ്പെടേണ്ടതുമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഇക്കാര്യത്തിൽ, ധനകാര്യ വകുപ്പ് കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. വന്യജീവി ആക്രമണം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സിനായി നടപ്പുസാമ്പത്തികവർഷം 259 കോടി രൂപയുടെ പ്രൊപ്പോസൽ നൽകിയതിൽ 14 കോടി രൂപയ്ക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത് എന്നാണ് സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടത്. ഈ സ്ഥിതിവിശേഷം പൂർണ്ണമായി ഒഴിവാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾക്കായി വേണ്ടിവരുന്ന മുഴുവൻ തുകയും അതതുവർഷം തന്നെ അനുവദിക്കണമെന്നും അപ്രകാരം അനുവദിക്കപ്പെടുന്ന തുകകൾ അതതുവർഷം വിനിയോഗിക്കപ്പെടേണ്ടതാണെന്നും ഇത് ഉറപ്പുവരുത്തുവാൻ ഒരു വകുപ്പുതല മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. എറണാകുളം ജില്ലയിലെ വടാട്ടുപാറ, കുട്ടമ്പുഴ, കോട്ടപ്പടി, നേര്യമംഗലം എന്നിവിടങ്ങളിലും തൃശ്ശൂർ ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലും ആനശല്യം ഒഴിവാക്കുന്നതിനായി നിലവിൽ ഒരുക്കിയിരിക്കുന്ന വേലി ക്രമീകരണങ്ങൾ ഫലപ്രദമല്ലായെന്ന് തെളിയിക്കപ്പെട്ട സാഹചര്യത്തിൽ കാര്യക്ഷമമായ ബദൽ സംവിധാനം അനിവാര്യമാണെന്ന് സമിതി കരുതുന്നു. ഈ സാഹചര്യത്തിൽ, വയനാട്, കണ്ണൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലേയും തൃശ്ശൂർ, എറണാകുളം ജില്ലകളുടെ കിഴക്കൻ

പ്രദേശങ്ങളിലേയും ആനശല്യമുള്ള പ്രദേശങ്ങളിൽ ശക്തമായ ഫെൻസിംഗ് സംവിധാനവും, ഘട്ടംഘട്ടമായി മതിൽ നിർമ്മാണവും ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ അപ്രകാരം പണി പൂർത്തീകരിക്കപ്പെടുന്ന സുരക്ഷാസംവിധാനങ്ങൾക്ക് കാലാകാലങ്ങളിൽ ആവശ്യമായിവരുന്ന അറ്റകുറ്റപ്പണികൾ യഥാസമയം ഏറ്റെടുത്തുനടത്തുന്നതിനുള്ള ക്രമീകരണങ്ങൾകൂടി ഉറപ്പാക്കണമെന്നും അതിനായി വി.എസ്.എസ്.-ന്റെ (വന സംരക്ഷണ സമിതി) സേവനം ഉപയോഗപ്പെടു ത്തണമെന്നും മേൽ സൂചിപ്പിക്കപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായിവരുന്ന ബഡ്ജറ്റ് വിഹിതം അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

16. വന്യജീവികളുടെ ആക്രമണംമൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുന്നതിന്റെ പേരിൽ നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരതുകകൾ തീരെ അപര്യാപ്തമായതിനാൽ മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരതുകയുടെ ഉയർന്നപരിധിയായ നിലവിലെ 3 ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയായും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് നിലവിൽ നൽകുന്ന എഴുപത്തി അയ്യായിരം രൂപ എന്നത് ഒരു ലക്ഷം രൂപയായും മറ്റു നാശനഷ്ടങ്ങൾക്കായുള്ള തുക ആനുപാതികമായും വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. വനത്തിനുള്ളിൽനിന്ന് ആളുകളെ സുരക്ഷിത പ്രദേശങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽനിന്ന് 110 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും ഇതിനായി, 17.8 കോടി രൂപ കേന്ദ്രസർക്കാരിൽനിന്നും സഹായമായി ലഭിച്ചിട്ടുള്ളതിൽ 6 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ ഇനത്തിൽ ശേഷിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്നും ഈ ഇനത്തിൽ കൂടുതൽ തുക കേന്ദ്ര സഹായമായി ലഭിക്കുവാനുള്ള സാധ്യത ആരായണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. സുരക്ഷാക്രമീകരണങ്ങളുടേയും പുനരധിവാസത്തിന്റെയും ഭാഗമായി എറണാകുളം ജില്ലയിലെ വാരിക്കുടിയിൽനിന്ന് ഉരുളംതണ്ണിയിലേക്ക് പുനരധിവസിപ്പിക്കുവാൻ തീരുമാനിക്കപ്പെട്ട 218 കുടുംബങ്ങളിൽ 62 കുടുംബങ്ങളെ ഉരുളംതണ്ണിയിൽ പുനരധിവസിപ്പിക്കുകയുണ്ടായെങ്കിലും അവിടെ അവർക്ക് യാതൊരുവിധ അടിസ്ഥാന സൗകര്യവും ലഭിക്കാതിരിക്കുന്നതിനാൽ അവർ പൂർണ്ണ അസംതൃപ്തരാണെന്നും അതുമൂലം മാറ്റിപാർപ്പിക്കേണ്ടതായ ജനങ്ങളിൽ ശേഷിക്കുന്നവർ ഇവിടേക്കുവരാൻ താല്പര്യമെടുക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഈ സ്ഥിതിവിശേഷം ഗുണത്തേക്കാളേറെ ദോഷങ്ങൾ വരുത്തിവെയ്ക്കുമെന്നതിനാൽ പുനരധിവാസം

നടപ്പാക്കുന്നതിനുമുമ്പുതന്നെ അപ്രകാരം പുനരധിവസിപ്പിക്കുന്നവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ കൂടി ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം നിലവിൽ ഉരുളംതണ്ണിയിലേക്ക് പുനരധിവസിപ്പിക്കപ്പെട്ട 62 കുടുംബങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും സമയബന്ധിതമായി ഒരുക്കിക്കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. വനപ്രദേശത്തിനകത്തും സമീപപ്രദേശങ്ങളിലും താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പരമപ്രാധാന്യം നൽകി ഒരുക്കുന്ന അടിസ്ഥാനസൗകര്യങ്ങളായ വീട്, വൈദ്യുതി, കുടിവെള്ളം എന്നിവയോടൊപ്പം തുല്യപ്രാധാന്യം നൽകി ഒരുക്കേണ്ട ഒന്നാണ് ഗതാഗതസൗകര്യം എന്ന് സമിതി കരുതുന്നു. അപ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങളിലേക്ക് ഏറ്റവും ചുരുങ്ങിയത് 3 മീറ്റർ എങ്കിലും വീതിയിലുള്ള റോഡുകൾ കൂടി നിർമ്മിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

20. കർഷകർ ഇന്ന് നേരിടുന്ന മറ്റൊരു പ്രധാന ഭീഷണിയാണ് കാട്ടുപന്നികളിൽ നിന്നുള്ള ആക്രമണം. കൂട്ടത്തോടെ വരുന്ന കാട്ടുപന്നികൾ വരുത്തുന്ന കൃഷിനാശവും ജീവനു നേരെയുള്ള ഭീഷണിയും നിമിത്തം കർഷകർ പൊതുവേ ഭീതിയിലും നിരാശയിലുമാണ് ജീവിക്കുന്നത്. വന്യജീവി സംരക്ഷണ നിയമത്തിലെ കർശനമായ വ്യവസ്ഥകൾ നിമിത്തം ഇത്തരം മൃഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാൻ കർഷകർക്ക് കഴിയാറുമില്ല. ഈ സാഹചര്യത്തിൽ, കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ തുരത്തുവാനും ആവശ്യമെന്നു കണ്ടാൽ വെടിവയ്ക്കാനുമുള്ള അനുവാദം കർഷകർക്ക് ലഭിക്കത്തക്കവിധം ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട നിയമങ്ങളിൽ വരുത്തുന്നകാര്യം ഗൗരവപൂർവ്വം പര്യാലോചിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. വനപ്രദേശങ്ങളിൽനിന്നും പലപല കാരണങ്ങളാൽ നാട്ടിലേക്ക് ഇറങ്ങിയതിനുശേഷം വീണ്ടും വനത്തിലേക്ക് മടങ്ങാൻ താല്പര്യപ്പെടാത്ത വന്യമൃഗങ്ങളെയും നാട്ടിൽ ഉടമസ്ഥരില്ലാതെ അലഞ്ഞു നടക്കുകയും പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്ന നായ്ക്കൾ ഉൾപ്പെടെയുള്ള നാട്ടുമൃഗങ്ങളേയും പൊതുവായ ഒരു സ്ഥലത്ത് പാർപ്പിക്കുവാൻ അവസരം ഒരുക്കുകയാണെങ്കിൽ അത് ഒരു മഹത്തായ സംരംഭമായിത്തീരുമെന്ന് സമിതി കരുതുന്നു. ആകയാൽ, നാട്ടിൽ അലഞ്ഞുനടക്കുന്നതും പൊതുജീവിതത്തിന് ഭീഷണിഉയർത്തുന്നതുമായ വന്യജീവികളേയും നാട്ടുമൃഗങ്ങളേയും പാർപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ, വനപ്രദേശത്തോടുചേർന്ന് പ്രത്യേകം ക്രമീകരിക്കപ്പെട്ട "അനിമൽ റെസ്ക്യൂ ഷെൽട്ടർ" ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. വനത്തിനുള്ളിലും വനപ്രദേശത്തോടുചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും അധിവസിച്ച് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന സാധാരണ ജനങ്ങൾ പൊതുവായി നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും അത്തരം ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുന്നതിനും കഷ്ടത അനുഭവിക്കുന്നവർക്ക് സഹായം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചുമുള്ള ഏതാനും ശിപാർശകളും നിർദ്ദേശങ്ങളുമാണ് സമിതി ഈ റിപ്പോർട്ടിലൂടെ മുന്നോട്ട് വച്ചിരിക്കുന്നത്. പൊതുജനങ്ങൾ, വനസംരക്ഷണ സമിതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ ഗ്രൂപ്പുകൾ, മറ്റ് സർക്കാരിതര സ്ഥാപനങ്ങൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങൾ കൊണ്ട് ഇത്തരം കർമ്മപരിപാടികൾ കൂടുതൽ കാര്യക്ഷമമായും പൊതുജനോപകാരപ്രദമായും നടപ്പാക്കാൻ കഴിയുമെന്ന് സമിതി വിശ്വസിക്കുന്നു. ആയതിലേക്കായി വനം-വന്യജീവി വകുപ്പ് അടിയന്തരമായി ഒരു മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2015 ഫെബ്രുവരി 24.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*